തൊഴിൽ ലഭിച്ചു കഴിഞ്ഞവരുടെ പേരുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നടപടി

*4 [234] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിൽ ലഭിച്ചു കഴിഞ്ഞവരുടെ പേരുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് മുന്നോടിയായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ രഹിതരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും ഉദ്യോഗാർത്ഥികൾക്ക് യഥാസമയം അറിയിപ്പ് നൽകുന്നതിലും വീഴ്ചവരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): (എ) ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകിവരുന്നു. ഈ ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് നിയമനം നൽകുന്നത് ഉദ്യോഗദായകനാണ്. ഉദ്യോഗാർത്ഥികളെ സെലക്ട് ചെയ്തതിനുശേഷം 'റിസൾട്ട് ഓഫ് സെലക്ഷൻ' 14 ദിവസത്തിനകം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. റിസൾട്ട് ഓഫ് സെലക്ഷൻ ഉദ്യോഗദായകൻ ബന്ധപ്പെട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ അറിയിച്ചു കഴിഞ്ഞാൽ ഒഴിവിന്റെ സ്വഭാവം (സ്ഥിരം/താല്ക്കാലികം) അടിസ്ഥാനമാക്കി തൊഴിൽ ലഭിച്ചവരുടെ രജിസ്ട്രേഷൻ രേഖ (X-I) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ലൈവു രജിസ്റ്ററിൽ നിന്നും ജോലി ലഭിച്ചതിനാൽ മാറ്റിവയ്ക്കുന്നു.

(ബി ആന്റ് സി) ഉണ്ട്. സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നുതന്നെ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. മാത്രമല്ല, നാമനിർദ്ദേശം ചെയ്യുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും സെലക്ഷന് പരിഗണിക്കണമെന്ന് ഉദ്യോഗദായകർക്ക് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ബോഡി നിർമ്മാണം

*5 [235] ശ്രീ. പിരപ്പൻകോട് മുരളി:
,, എ. സി. മൊയ്തീൻ:
,, മഞ്ഞളാംകുഴി അലി:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ആർ.ടി.സി. അടുത്തകാലത്തായി പുറത്തിറക്കിയ ബസ്സുകളുടെ ബോഡി അതിവേഗം തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ബോഡി നിർമ്മാണത്തിൽ സംഭവിച്ച അപാകത സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മിച്ചിട്ടുള്ളത് മോട്ടോർവാഹന നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണോ;

(ഡി) സ്വന്തമായി ബോഡി നിർമ്മിക്കാനുള്ള വർക്ക്ഷോപ്പ് ഉണ്ടായിരിക്കെ സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യസ്ഥാപനങ്ങളിൽ ബോഡി നിർമ്മിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ലംഘിച്ചുകൊണ്ടല്ല. മിനി ബസ്സുകളുടെയും, ഡീലക്സ് ബസ്സുകളുടെയും ബോഡി നിർമ്മാണത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇതിന് ഗവൺമെന്റിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങിയിട്ടുണ്ട്.

(ഡി) HUDCO-യിൽ നിന്നും മറ്റും ലോൺ എടുത്ത് 850 പുതിയ ബസ്സുകളാണ് നിർമ്മിക്കേണ്ടിയിരുന്നത്, എന്നാൽ ഈ കാലയളവിൽ 140 ഹൈടെക് ബസ്സുകൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ മാത്രമേ കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിൽ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് ബോഡി ബിൽഡിംഗ് പ്രമുഖ ബോഡി നിർമ്മാതാക്കളെ ഏൽപ്പിക്കുവാനുള്ള സാഹചര്യം ഉണ്ടായത്.

കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാന്റ് നവീകരണം

*6 [236] ശ്രീ. എം. പി. ഗംഗാധരൻ:
,, എ. കെ. മണി:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗതൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം ബസ്സ് സ്റ്റാന്റുകളാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) തിരുവനന്തപുരം സെൻട്രൽ ബസ്സ് സ്റ്റാന്റ് നവീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇന്റർ-സ്റ്റേറ്റ് ബസ്സ് ടെർമിനൽ ഈഞ്ചക്കലേയ്ക്ക് മാറ്റുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള സ്ഥലമെടുപ്പ് നടത്തിയോ;

(ഇ) തിരുവനന്തപുരം സെൻട്രൽ ബസ്സ് സ്റ്റാന്റിനും, വർക്ക്ഷോപ്പിനുംകൂടി എത്ര സ്ഥലമാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly